പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3268

21-12-2012 ൽ
മറുപടിക്ക്

സിഡിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. കെ. മുരളീധരൻ | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) സിഡിറ്റിന്റെപ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | എ) സി-ഡിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വിവിധ കർമ്മ പദ്ധതികൾ ആസൂത്രണ ം ചെയ്തിട്ടുണ്ട്. പദ്ധതി വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| ബി) ഗവേഷണ വികസന പ്രവർത്തനങ്ങളിലും പദ്ധതി നിർവ്വഹണത്തിലും സ്വയം പര്യാപ്തത കൈവരിക്കുവാൻ എന്തെല്ലാം നപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; | ബി) ഭാഷാ സാങ്കേതിക വിദ്യയിൽ (മലയാളം) ഗവേഷണം നടത്തുന്നു. നിള, കാവേരി എന്നീ മലയാളം സോഫ്റ്റ് വെയറുകളും പഴയ ലിപിയിലുള്ള ഒ.സി. ആറും വികസിപ്പിച്ചിട്ടുണ്ട്. തുടർ നടപടികളായി മലയാളം വ്യാകരണ പരിശോധനയ്ക്കുള്ള സോഫ്റ്റ്വെയറും മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്കുള്ള വിവർത്തന സോഫ്റ്റ്വെയറും നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൗരോർജ്ജമുൾപ്പെടെയുള്ള ഗ്രീൻ എനർജിയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഊർജ്ജഉപയോഗം നിയന്ത്രിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമുള്ള പദ്ധതികളും വിവിധ സ്ഥാപനങ്ങൾക്കുവേണ്ടി സൗരോർജ്ജ പദ്ധതികൾ തയ്യാറാക്കുന്നതിനും സൗരോർജ്ജ മേഖലയിൽ വെബ് പോർട്ടൽ വികസിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| സി) സർക്കാർ പദ്ധതികൾക്ക് പുറമേ മറ്റ് പദ്ധതികളും ഏറ്റെടുക്കുന്ന വിഷയം പരിഗണിക്കുമോ? | സി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**സി-ഡിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ചുവടെപ്പറയുന്ന കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.**

1. നിലവിൽ സി-ഡിറ്റ് ഏറ്റെടുത്തു നടത്തിവരുന്ന വിവിധ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള പ്രോജക്ട് മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തി.
2. സീനിയർ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചു കോർപ്പറേറ്റ് സ്ട്രാറ്റജിക് പ്ലാനിംഗ് വർക്ക്ഷോപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിച്ചു.
3. വൻപദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കാൻ തക്കവിധം സി-ഡിറ്റിനെ പ്രാപ്തമാക്കാൻ ലക്ഷ്യമിട്ട് ശാസ്ത്രീയമായ രീതിയിൽ ഉദ്യോഗസ്ഥ പുനർവിന്യാസം നടപ്പിലാക്കി.
4. പദ്ധതി നിർവ്വഹണമുൾപ്പെടെ എല്ലാ കാര്യങ്ങളിലും ജീവനക്കാരുടെ അഭിപ്രായമാരായുകയും കൂട്ടായ പങ്കാളിത്തവും പ്രവർത്തനവും ഉറപ്പാക്കുകയും ചെയ്തു.
5. ഹോളോഗ്രം നിർമ്മാണ വിഭാഗത്തിൽ പുതിയ കെട്ടിടം പണി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു.
6. സോഫ്റ്റ്‌വെയർ ടെസ്റ്റിംഗിന് പരിശീലനം നൽകുകയും പ്രത്യേകം സംവിധാനമൊരുക്കുകയും ചെയ്തു.
7. മുഖ്യമന്ത്രിയുടെ സുതാര്യ കേരളം ടി.വി പരിപാടി നിർമ്മിക്കുന്നതിന് ആധുനിക സൗകര്യങ്ങൾ ഒരുക്കി.
8. മുഖ്യമന്ത്രിയുടെ ഓഫീസിൽ തൽസമയ (24x7) വെബ്കാസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് സാങ്കേതികസഹായം നൽകി.
9. 2012 ഏപ്രിൽ മുതൽ നവംബർ വരെ റേഷൻ കാർഡുകൾ സിവിൽ സപ്ലൈസ് വകുപ്പിന് വേണ്ടി തയ്യാറാക്കി നൽകി.
10. സി-ഡിറ്റിന്റെ എഡ്യൂക്കേഷണൽ പാർട്ണർഷിപ്പ് പദ്ധതി വഴി നടത്തി വരുന്ന 16 കമ്പ്യൂട്ടർ കോഴ്സുകൾക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം നേടാനും ഡി.സി.എ. കോഴ്സിന് പി.എസ്.സി വഴിക്കുള്ള നിയമനത്തിനുള്ള യോഗ്യതയായി നിശ്ചയിക്കുന്നതിനും കഴിഞ്ഞു.
11. കൊച്ചിയിലെ സി-ഡിറ്റ് മേഖലാകേന്ദ്രം വിപുലീകരിച്ച് അവിടെ ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ സാങ്കേതിക വിദ്യയിൽ വിദഗ്ധ പരിശീലനം സംഘടിപ്പിക്കാനായി പ്രൊഫഷണൽ സ്കിൽസ് അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. പ്രൊഫഷണൽ സ്കിൽസ് അക്കാദമി സ്ഥാപിക്കുവാനായി അധിക കേന്ദ്രധനസഹായമായി 2011-2012 സാമ്പത്തികവർഷത്തിൽ 100 ശതമാനം സെൻട്രൽ സ്പോൺസേർഡ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
12. സൈബർ സെക്യൂരിറ്റി അവബോധ പരിശീലന വിഭാഗം ശക്തിപ്പെടുത്തി. ഈ മേഖലയിൽ വിവിധ പ്രവർത്തനങ്ങൾ തുടങ്ങുവാൻ ലക്ഷ്യമിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചു.
13. സി-ഡിറ്റിന് തിരുവനന്തപുരത്ത് പട്ടത്ത് അനുവദിച്ച 15 സെന്റ് സ്ഥലത്ത് പുതിയ ആസ്ഥാനമന്ദിരം പണിയുവാനുള്ള നടപടി ആരംഭിച്ചു. ഇതിന്റെ ശിലാസ്ഥാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 04.06.2012 ൽ നിർവ്വഹിച്ചു.
14. സി-ഡിറ്റിലെ ഗവേഷണ വികസന പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കാനും വിപുലീകരിക്കാനും നടപടികൾ ആരംഭിച്ചു.
15. ഓഫീസ് പ്രവർത്തനത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കാനായി അക്കൗണ്ടിംഗ്, ഫയൽ മാനേജ്മെന്റ്, പ്രോജക്ട് മാനേജ്മെന്റ് വിഭാഗങ്ങളിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു.
16. ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് സംസ്ഥാന സർക്കാരിന്റെ Total Solution Provider എന്ന അംഗീകാരമുള്ള സ്ഥാപനമാണ് സി-ഡിറ്റ് (ഗവ. ഉത്തരവ് നമ്പർ. ജി.ഒ(എം.എസ്) 13/2000/ഐ.റ്റി.ഡി. തീയതി: 28.07.2010) വിവരവിനിമയ വിദ്യാഭ്യാസരംഗങ്ങളിലും ഇമേജിംഗ് ടെക്നോളജിയുടെ മേഖലയിലും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി വരുകയാണ് സി-ഡിറ്റ്. ഐ.ടി. വകുപ്പ്, എക്സൈസ് വകുപ്പ്, സാമൂഹ്യനീതിവകുപ്പ്, സിവിൽ സ്പ്ലൈസ് വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, സാംസ്കാരിക വകുപ്പ്, പബ്ലിക് റിലേഷൻസ് വകുപ്പ് രജിസ്ട്രേഷൻ വകുപ്പ്, സർവ്വെ വകുപ്പ്, പട്ടികവിഭാഗ വികസന വകുപ്പ് തുടങ്ങി സർക്കാരിന്റെ വിവിധ വകുപ്പുകളിലെ സുപ്രധാന പദ്ധതികൾ സി-ഡിറ്റ് വഴിയാണ് നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ